**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 833** **29-08-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീമതി ഒ എസ് അംബിക</td><td colspan="2">ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>സംസ്ഥാനത്തിനു പുറത്ത് വിദ്യാഭ്യാസം ചെയ്യുന്ന പട്ടികജാതി വിദ്യാർത്ഥി- വിദ്യാർത്ഥിനികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് സ്വീകരിച്ചു വരുന്ന പൊതു മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ?</td><td>(എ)</td><td>ഇതര സംസ്ഥാനങ്ങളിലെ അംഗീകൃത സ്ഥാപനങ്ങളിൽ പ്രവേശനം നേടി പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് സ.ഉ.(അച്ചടി) നം.50/2009/പജപവവിവ, തീയതി, 02.07.2009 ഉത്തരവിലെ മാനദണ്ഡങ്ങൾ പ്രകാരവും, 2.5 ലക്ഷം രൂപയിൽ താഴെ വരുമാനമുള്ളവർക്ക് കേന്ദ്ര സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഗൈഡ് ലൈൻ പ്രകാരവും സ്കോളർഷിപ്പ് അനുവദിച്ച് വരുന്നുണ്ട്.<br><br>ഇതര സംസ്ഥാനങ്ങളിലെ അംഗീകൃത സ്ഥാപനങ്ങളിൽ പ്രവേശനം നേടി പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് സ്വീകരിച്ചു വരുന്ന പൊതു മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br><br><u>A. ജനറൽ കോഴ്സുകൾ</u><br><br>(1) കേരളത്തിനു പുറത്ത് താൽക്കാലികമായി താമസിക്കേണ്ടിവരുന്ന കേരളീയരായ പട്ടികജാതി/ പട്ടികവർഗ്ഗ/മറ്റർഹ വിഭാഗക്കാരുടെ മക്കൾക്ക് അന്യ സംസ്ഥാനങ്ങളിലെ സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ പ്രീ-മെട്രിക് പോസ്റ്റ് മെട്രിക് കോഴ്സുകളിൽ ചേർന്ന് പഠിക്കേണ്ടിവരുന്നപക്ഷം ഇവർ സംസ്ഥാനത്തിനകത്ത് സർക്കാർ സ്ഥാപനത്തിൽ പഠിച്ചിരുന്നുവെങ്കിൽ ലഭിക്കുമായിരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭിക്കുന്നതാണ്.<br><br>(2) സംസ്ഥാനത്തിനു പുറത്ത് 1950-നു മുൻപ് സ്ഥിര താമസമാക്കിയിട്ടുള്ള കേരളീയരായ പട്ടികജാതി/ പട്ടികവർഗ്ഗ/മറ്റർഹ വിഭാഗക്കാരുടെ പിൻതലമുറക്കാർക്ക് ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.</td></tr>
</table>

| | | | |
|---|---|---|---|
| | | | (3) കേരളത്തിൽ നിലവിലില്ലാത്ത ഒരു കോഴ്സിന് അന്യസംസ്ഥാനത്ത് പഠിക്കുന്നവർക്ക് വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നതാണ്.<br><br>**<u>B. പ്രൊഫഷണൽ കോഴ്സുകൾ</u>**<br><br>(1) കേന്ദ്ര സർക്കാർ /കേന്ദ്ര യൂണിവേഴ്സിറ്റികൾ/ ബോർഡുകൾ എന്നിവ നടത്തുന്ന അഖിലേന്ത്യാ പ്രവേശന പരീക്ഷ വഴിയോ CAT, MAT, JEE, JMET, XAT, ATMA എന്നീ പ്രവേശന പരീക്ഷ വഴിയോ അലോട്ട്മെന്റ് ലഭിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ / മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യത്തിന് അർഹതയുണ്ട്.<br><br>(ii) കേന്ദ്ര സർക്കാർ നിയന്ത്രണത്തിലുള്ള ഡീംഡ് യൂണിവേഴ്സിറ്റികൾ, കേന്ദ്ര യൂണിവേഴ്സിറ്റികളോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സർക്കാർ കോളേജുകൾ എന്നിവയിൽ മെറിറ്റ് സീറ്റിലും റിസർവേഷൻ സീറ്റിലും പ്രവേശനം നേടുന്ന പട്ടികജാതി/പട്ടികവർഗ്ഗ/ മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് സ്ഥാപനം നിശ്ചയിക്കുന്ന ഫീസ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നതാണ്.<br><br>(3) പ്രൈവറ്റ് യൂണിവേഴ്സിറ്റികൾ, പ്രൈവറ്റ് ഡീംഡ് യൂണിവേഴ്സിറ്റികൾ, സ്വയം ഭരണസ്ഥാപനങ്ങൾ എന്നിവ നടത്തുന്ന അഖിലേന്ത്യാ പ്രവേശന പരീക്ഷകൾ വഴി വിവിധ കോഴ്സുകൾക്ക് പ്രവേശനം നേടുന്നവർക്ക് ആനുകൂല്യം ലഭിക്കുന്നതല്ല.<br><br>(iv) കേരളത്തിൽ നിലവിലുള്ള പ്രൊഫഷണൽ കോഴ്സുകൾക്ക് അന്യസംസ്ഥാനത്ത് പഠിക്കുന്ന കേരളത്തിൽ സ്ഥിരതാമസമുള്ളവർക്ക് വിദ്യാഭ്യാസാനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുകയില്ല. |

സെക്ഷൻ ഓഫീസർ